പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1558 **21. 01. 2014-** ലെ മറുപടിക്ക്

'നിതാഖത് നിയമം'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. കെ. സി. ജോസഫ് *(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) 'സൗദി സ്വദേശിവത്കരണ (നിതാഖത്)' ത്തിന്റെ ഭാഗമായി എത്ര മലയാളികൾ സ്വദേശത്തേക്ക് തിരിച്ചു വന്നിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സർക്കാർ പ്രഖ്യാപിച്ച സൗജന്യ വിമാന ടിക്കറ്റ് സേവനം ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) സൗദിയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് തിരികെയെത്തിയിട്ടുള്ള മലയാളികളുടെ കൃത്യമായ കണക്ക് നോർക്ക വകുപ്പ് ശേഖരിച്ചിട്ടില്ല. സൗദി അറേബ്യയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ പോന്ന 266 മലയാളികൾക്ക് നിബന്ധനകൾക്ക് വിധേയമായി സൗജന്യ വിമാന ടിക്കറ്റ് നൽകുകയും 206 പേർ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) നിതാഖത് മൂലം തിരിച്ചു വരുന്നവരുടെ പുനരധിവാസത്തിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) തിരികെയെത്തിയ മലയാളികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു സ്വയംതൊഴിൽ പദ്ധതി നിലവിലുണ്ട്. തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായപകൾക്ക് 10% മൂലധന സബ്സിഡി നൽകുന്നതിനും(പരമാവധി രണ്ട് ലക്ഷം രൂപ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) വ്യവസ്ഥ ചെയ്യുന്നു. കൂടാതെ നിതാഖത്ത് മൂലം തിരിച്ചുവരുന്നവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിന്റെ പ്രധാനഘടകങ്ങൾ ഇപ്രകാരമാണ്. |

- തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.
- ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം
- സ്വയം സംരംഭക സഹായ പദ്ധതി
- സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
- സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ

കൂടാതെ പിന്നാക്ക സമുദായത്തിൽപ്പെട്ട തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3% പലിശനിരക്കിൽ പരമാവധി 10 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതി പിന്നാക്ക സമുദായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നു.

സെക്ഷൻ ഓഫീസർ